# ശ്ലീവാകാലം
## വചന വിചിന്തനം
### ശ്ലീവാകാലം രണ്ടാം ഞായർ
മത്താ 17,14-27

***മനുഷ്യന്റെ ഏറ്റവും വലിയ പ്രതിസന്ധി വിശ്വാസം നഷ്ടപ്പെടുക എന്നതാണ്! വിശ്വാസം പടിയിറങ്ങുന്ന വാതിലിലൂടെ അകത്തുകയറുന്ന വലിയ വിപത്തുകൾ ഭയം, ഉത്കണ്ഠ, നിരാശ, അമർഷം, നിസംഗത എന്നിവയാണ്.***

"വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്"
ഹെബ്രാ 11,1

*വിശ്വാസമെന്നത് അൽഭുതങ്ങൾ ചെയ്യുക എന്നതിനേക്കാൾ ഉപരി ദൈവത്തിന്റെ പ്രവർത്തികളെ അൽഭുതത്തോടെ നോക്കുക എന്നതാണ്!*

ജനക്കൂട്ടത്തിൻെറ അടുത്തേക്കു വരുന്ന ക്രിസ്തുവിന്റെ അരികിലേയ്ക്ക് പരാതിയുമായി കടന്നുവരുന്നവൻ പറയുന്നത് ഇത്രമാത്രം;

"കർത്താവേ, എൻെറ പുത്രനിൽ കനിയണമേ; അവൻ അപസ്മാരം പിടിപെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ളത്തിലും വീഴുന്നു. ഞാൻ അവനെ നിൻെറ ശിഷ്യൻമാരുടെ അടുത്തുകൊണ്ടുവന്നു. പക്ഷേ, അവനെ സുഖപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ല."

ഇതു കേൾക്കുന്ന കർത്താവ് തന്റെ ശിഷ്യൻമാരെയും തന്നെ അനുഗമിച്ചിരുന്നവരെയും കഠിനമായ വാക്കുകളാൽ നിശിതമായി വിമർശിക്കുന്നു;

"വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയേ, എത്രനാൾ ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും! എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും!!! നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല."

ചുരുക്കത്തിൽ, വിശ്വാസത്തിന്റെ അനിവാര്യതയെ കുറിച്ചാണ് ക്രിസ്തു പറയുന്നതും പഠിപ്പിക്കുന്നതും. വിശ്വാസത്തിൽ എന്തുമാത്രം നിങ്ങൾ ആഴപ്പെട്ടിട്ടുണ്ടോ, അത്രമാത്രം അൽഭുതങ്ങൾക്ക് സാക്ഷിയാകാൻ സാധിക്കും എന്നുള്ള ഓർമ്മപ്പെടുത്തലാണ് വചനഭാഗം. ഇന്ന് നമ്മുടെ ജീവിത്തിൽ അൽഭുതങ്ങൾ അരങ്ങേറുന്നില്ലെങ്കൽ, അൽഭുതങ്ങൾക്ക് സാക്ഷിയാകാൻ സാധിക്കുന്നില്ലെങ്കിൽ അതിനുള്ള പ്രധാനകാരണം വിശ്വാസം നമ്മുടെ ജീവിതത്തിൽനിന്ന് അകറ്റപ്പെടുന്നതു കൊണ്ടാണ്. "വിശ്വാസം അതല്ലെ എല്ലാം" എന്നതും "വിശ്വാസം ഓരോ ശ്വാസത്തിലും" എന്ന പരസ്യവാചകങ്ങൾ പരസ്യങ്ങളിൽ മാത്രമായി അവശേഷിക്കുന്നു. വിശ്വാസത്തെ ജീവിതത്തിലേയ്ക്ക് എടുത്തുവയ്ക്കുന്നതിൽ നാം പരാജയപ്പെട്ടുപോകുന്നു. കർത്താവ് നമുക്ക് നൽകുന്ന വലിയ ഉറപ്പ്, "വിശ്വസിക്കുന്നവർക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,21) എന്നുള്ളതാണ്.

ബ്രിട്ടീഷ് സാമ്രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സാഹിത്യകാരനാണ് സോമർസെറ്റ് മോം (————). ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സാഹിത്യകാരനായി സോമർസെറ്റ് മോം എണ്ണപ്പെടുന്നതുപോലെതന്നെ ലോകം

കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വിക്കനും കൂടിയായിരുന്നു സോമർസെറ്റ് മോം. പഠിക്കുന്ന കാലഘട്ടത്തിൽ സോമർസെറ്റ് മോംനെ സഹപാഠികൾ സ്ഥിരമായി കളിയാക്കുമായിരുന്നു. സഹപ്രായക്കാർ സോമർസെറ്റ് മോംനെ തങ്ങളുടെ കൂട്ടത്തിൽ കളിക്കാനും കാര്യത്തിനും കൂട്ടിയിരുന്നില്ല. പക്ഷെ, അൽഭുതമെന്ന് പറയുന്നത് സോമർസെറ്റ് മോം ഒരിക്കൽപ്പോലും നിരാശനായില്ല. തന്റെ വിക്കിനെ അതിജീവിക്കാൻ അക്ഷരത്തെ കൂട്ടുപിടിച്ചു. ജീവിതത്തെ പ്രത്യാശയോടെ പ്രതീക്ഷയോടെ വിശ്വാസത്തോടെ മുന്നോട്ട് നയിച്ചു. തുടർന്നിങ്ങോട്ട് ചരിത്രം പറയുന്നത്, "19–ാം നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും മികച്ച എഴുത്തുക്കാരനായിരുന്നു സോമർസെറ്റ് മോം. 19–ാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച കഥകളും നാടകങ്ങളും സോമർസെറ്റ് മോംന്റെതായിരുന്നു എന്നാണ്."

തന്റെ 86–ാം ജന്മദിനത്തിൽ ആരാധകർക്കായി സോമർസെറ്റ് മോം ഒരു വിരുന്നൊരുക്കി. അന്ന്, അദ്ദേഹത്തിന്റെ അടുത്ത് ആരാധകരിൽ ഒരാൾ ചോദിച്ച ചോദ്യം ഇപ്രകാരമായിരുന്നു;

"വിക്കു കൂടാതെ സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ലോകത്തിന് കുറച്ചുകൂടി അധികം സേവനം ചെയ്യാൻ കഴിയുമായിരുന്നു എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?"

അതിനുള്ള സോമർസെറ്റ് മോംന്റെ മറുപടി ഇപ്രകാരമായിരുന്നു;

"ഇല്ലാ... കാരണം, ഒരു എഴുത്തുകാരനായി വളരാൻ എന്നെ സഹായിച്ചത് എന്റെ വിക്കായിരുന്നു. എനിക്ക് സംസാരതടസം ഉള്ളതുകൊണ്ട് വീട്ടുക്കാരും എന്നെ ഉപേക്ഷിച്ചു. ഈ വിക്കിനെ അതിജീവിക്കാൻ അക്ഷരത്തെ ഞാൻ പ്രതീക്ഷയോടെ, പ്രത്യാശയോടെ, വിശ്വാസത്തോടെ ആയുധമാക്കി... ഒരുപക്ഷെ, എനിക്ക് വിക്കില്ലായിരുന്നെങ്കിൽ ഞാനൊരു അധ്യാപകൻ മാത്രമായെന്നെ! എന്നിലെ സാഹിത്യക്കാരൻ പുറത്ത് വന്നത് എന്നിലെ വിക്കുമൂലമാണ്. അതുകൊണ്ട്, ഒരു വിക്കനായി ജനിച്ചതിൽ ഞാൻ അഭിമാനിക്കുന്നു."

ജനത്തിന്റെയും ദൈവത്തിന്റെയും മുമ്പിൽ തോറ്റുപോയ ശിഷ്യർ തങ്ങളുടെ പരാജയക്കാരണം ക്രിസ്തുവിൽനിന്ന് വ്യക്തിപരമായി ചോദിച്ച് മനസ്സിലാക്കുന്നു!

നോക്കുക, ജീവിതത്തെ വിശ്വാസത്തോടെ നേരിടുന്നവരിൽ സംഭവിക്കുന്ന വലിയ അൽഭുതങ്ങൾ. എങ്കിൽ, ഒന്നുറപ്പാണ്; "മനുഷ്യന്റെ ഏറ്റവും വലിയ പ്രതിസന്ധി വിശ്വാസം നഷ്ടപ്പെടുക എന്നതുതന്നെയാണ്! വിശ്വാസം പടിയിറങ്ങുന്ന വാതിലിലൂടെ അകത്തുകയറുന്ന വലിയ വിപത്തുകൾ ഭയം, ഉത്കണ്ഠ, നിരാശ, അമർഷം, നിസംഗത എന്നിവയും." ജീവിതത്തിൽ മാറ്റങ്ങൾ സ്വപ്നം കാണുന്നവർ കൂട്ട് പിടിക്കേണ്ട വലിയ ആയുധം "വിശ്വാസം" തന്നെയാണ്. ജീവിതത്തിൽ വലിയ മാറ്റങ്ങൾ സമ്മാനിക്കുവാൻ സാധിക്കും വിശ്വാസം കൂടെയുണ്ടെങ്കിൽ. അതുതന്നെയാണ് ക്രിസ്തുവും തന്റെ ശിഷ്യൻമാർക്ക് കാണിച്ചുകൊടുക്കുന്നത്.

അൽഭുതം സമ്മാനിക്കുന്നതിൽ പരാജയപ്പെട്ടുപോയ ക്രിസ്തു ശിഷ്യൻമാർ ആരും കാണാതെ ക്രിസ്തുവിനെ സമീപിച്ച് ചോദിക്കുകയാണ്;

"എന്തുകൊണ്ടാണ് പിശാചിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്?"

പരാജയങ്ങളിൽ പതറിപ്പോകാതെ അതിനുള്ള കാരണം വ്യക്തിപരമായി ക്രിസ്തുവിൽ നിന്ന് ചോദിച്ച് മനസ്സിലാക്കാൻ വന്ന ശിഷ്യൻമാരെ ശ്ലാഘിച്ചുക്കൊണ്ട് ക്രിസ്തു പറഞ്ഞു;

"നിങ്ങളുടെ അൽപവിശ്വാസം കൊണ്ടു തന്നെ..." അവരുടെ തെറ്റുകൾ കാണിച്ചുകൊടുത്ത ക്രിസ്തു തുടർന്ന് അവരടോട് പറയുകയാണ്; "സത്യമായി ഞാൻ

നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും."

മല എന്ന് പറയുന്നതുതന്നെ വലുപ്പം കൊണ്ട് നമ്മളുടെ ചിന്തകൾക്ക് അതീതമാണ്. അവിടെ ക്രിസ്തു പറഞ്ഞുവയ്ക്കുകയാണ് "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും." നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, പ്രതിബന്ധങ്ങൾ, കണ്ണുനീരുകൾ എന്നിവയ്ക്കെല്ലാം ഒരു കുന്നോളമല്ല, മലയോളം വലുപ്പം കാണാം. പക്ഷെ, വിശ്വാസത്തോടെ നീ അവയെ അഭിമുഖീകരിക്കുന്നു ണ്ടെങ്കിൽ അവയെ മാറ്റാൻ നിനക്ക് സാധിക്കും. ഇന്ന് എന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും തടസങ്ങളും കണ്ണുനീരുകളുമെല്ലാം മാറ്റാൻ സാധിക്കാത്ത വലിയ തടസങ്ങളായി മലയുടെ രൂപത്തിൽ നിൽക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം വിശ്വാസത്തിന്റെ ശോഷണം തന്നെയാണ്. വിശ്വാസത്തിന്റെ വലുപ്പം കുറയുന്നതിനനുസരിച്ച് തടസങ്ങളുടെ വലുപ്പം എന്നിൽ വർദ്ധിച്ചുക്കൊണ്ടിരിക്കും.

വി.മർക്കോസിന്റെ സുവിശേഷത്തിൽ "കടലിനെ ശാന്തമാക്കുന്ന" കർത്താവിന്റെ ചിത്രം വിശ്വാസത്തിന്റെ വലുപ്പത്തിനുള്ള വലിയ ഉദാഹരണമാണ്. സായാഹ്ന മായപ്പോൾ ക്രിസ്തു തന്റെ പ്രിയ ശിഷ്യരോടൊപ്പം കടലിൽ യാത്ര ചെയ്യുന്നു. പകലിന്റെ അദ്ധ്വാനവും കഷ്ടപാടുകളും ജനക്കൂട്ടത്തെ പഠിപ്പിക്കലുമെല്ലാം കഴിഞ്ഞ് ക്ഷീണിച്ച് അവശനായാണ് ക്രിസ്തു ഇരുന്ന വഞ്ചിയിൽത്തന്നെ അക്കരയ്ക്കു പോകുന്നത്. അമരത്തു തലയണവച്ച് ഉറങ്ങുന്നു. അപ്പോൾ ഒരു വലിയ കൊടുങ്കാറ്റുണ്ടാകുന്നു. തിരമാലകൾ വഞ്ചിയിലേക്ക് ആഞ്ഞടിച്ചു കയറുന്നു. വഞ്ചിയിൽ വെള്ളം നിറയുന്നു. ഇതു കാണുന്ന ശിഷ്യൻമാർ പേടിച്ച് ക്രിസ്തുവിനെ വിളിച്ച് ഉണർത്തുന്നു. അവർ ക്രിസ്തുവിനോട് പറയുകയാണ്;

*ഈശോ*
*കൂടെയുണ്ടെങ്കിൽ*
*എനിക്ക്*
*എല്ലാം സാധ്യമാണ്*
*എന്നുള്ള തിരിച്ചറിവാണ്*
*വിശ്വാസം!*

"ഗുരോ, ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അതു ഗൗനിക്കുന്നില്ലേ?"

അവരുടെ കണ്ണുനീരുകളിലേയ്ക്ക് ആശ്വാസമായി ക്രിസ്തു കടന്ന് വന്ന് കടലിനേയും കാറ്റിനെയും ശാന്തമാക്കുന്നു. തുടർന്ന്, ക്രിസ്തു തന്റെ പ്രിയശിഷ്യരോട് ചോദിക്കുന്ന ചോദ്യം ഇപ്രകാരമാണ്;

"നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്കു വിശ്വാസമില്ലേ?" (മർക്കോ 4,35-41).

വിശ്വാസത്തന്റെ കുറവ് ശിഷ്യൻമാരെ ഭയത്തിലേയ്ക്കും വലിയ പരിഭ്രാന്തിയി ലേയ്ക്കും തള്ളിയിടുകയാണ്. ശിഷ്യൻമാരുടെ വിശ്വാസത്തിന്റെ കുറവ് ദൈവത്തിന്റെ സാന്നിദ്ധ്യത്തെപ്പോലും തിരിച്ചറിയാൻ സാധിക്കാത്തവിധത്തിൽ അവരുടെ കണ്ണുകൾ അടച്ചുകളയുന്നു. എങ്കിൽ, ഒന്നുറപ്പാണ്, "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്"

***"വിശ്വാസത്തിലൂടെ ചിലർ ബലഹീനതയിൽ നിന്നു ശക്തിയാർജ്ജിച്ചു"***

ഹെബ്രാ 11,34

ഫാ. ജോബി മേനോത്ത്
+91 9447777931